**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3424** **26-06-2024 - ൽ മറുപടിയ്ക്ക്**

**കൈവശാവകാശം ഏറ്റെടുക്കാതെ ഉപയോഗശൂന്യമായി കിടക്കുന്ന പട്ടയസ്ഥലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർഷങ്ങൾക്കു മുമ്പ് ലാൻഡ് അസൈൻമെന്റ് ചട്ടങ്ങൾ പ്രകാരവും മറ്റു വിധത്തിലും പട്ടയം നൽകിയിട്ടുള്ളതിൽ പട്ടയം ലഭിച്ച ഗുണഭോക്താക്കൾ സ്ഥലത്തിന്റെ കൈവശാവകാശം ഏറ്റെടുക്കാതെ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലങ്ങളുടെ കാര്യത്തിൽ എന്ത് നടപടികളാണ് സർക്കാർ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (എ) | 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ട 8 (2) പ്രകാരം പതിച്ചു കിട്ടിയ വ്യക്തിയോ അയാളുടെ ഒരു കുടുംബാംഗമോ അയാളുടെ പിൻതുടർച്ചാവകാശിയോ പതിച്ചു കിട്ടിയ ഭൂമി കെട്ടിടനിർമ്മാണത്തിനായി നൽകിയതെങ്കിൽ അവിടെ താമസിക്കേണ്ടതും കൃഷിയ്ക്കായി നൽകിയിട്ടുള്ളതാണെങ്കിൽ അവിടെ സ്വന്തമായി കൃഷിയിറക്കേണ്ടതും അതത സംഗതികളിൽ അങ്ങനെയുള്ള താമസമോ കാർഷികവൃത്തിയോ പട്ടയം ലഭിച്ച തീയതി മുതലോ പ്രാഥമിക നടപടിയെന്ന നിലയിൽ താൽക്കാലിക പട്ടയം ലഭിച്ചിട്ടുള്ള തീയതി മുതലോ ഒരു വർഷത്തിനുള്ളിലോ ഫലപ്രദമായി ആരംഭിച്ചിരിക്കേണ്ടതാണെന്ന് വ്യവസ്ഥചെയ്തിട്ടുള്ളതാണ്. ചട്ടം 8 (3) പ്രകാര ആയത് ലംഘിച്ചാൽ പതിവ് റ ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. |
| (ബി) | ഇപ്രകാരം പട്ടയ സ്ഥലങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്ന സംഗതികളിൽ മുൻപ് നൽകിയിട്ടുള്ള പട്ടയം റദ്ദാക്കുന്നതിന് നിയമ തടസ്സങ്ങൾ ഉണ്ടോ എന്ന് അറിയിക്കാമോ; | (ബി) | കൈമാറികിട്ടിയ കൈവശക്കാരന്റെ കുടുംബവാർഷിക വരുമാനം പതിനായിര ത്തുപക്ക് താഴെയായിരിക്കുകയും സ്വന്തമായോ കൈവശത്തിലോ സംസ്ഥാനത്തൊരിടത്തു അയാൾക്ക് ഭൂമി ഇല്ലാതിരിക്കുകയും ചെയ്യുന്ന സംഗതികളിൽ അങ്ങനെയുള്ള പതിച്ച നൽകൽ 1964 ലെ കേരള ഭൂമി പതിവ് ചട്ടം 8 (3) പ്രകാരം റദ്ദു ചെയ്യാൻ പാടുള്ളതല്ല അല്ലാത്തപക്ഷം 1960 ലെ ഭൂമി പതിവ് നിയമത്തിലും അതിന്റെ കീഴിലുള്ള വിവിധ ചട്ടങ്ങളിലും നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം |

| | | | |
|---|---|---|---|
| | | | പട്ടയത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന തരത്തിൽ ഉപയോഗശൂന്യമായി കൈവശത്തിലെടുക്കാതെ ഇട്ടിട്ടുള്ളതാണെങ്കിൽ പട്ടയം റ( ചെയ്യാവുന്നതാണ്. |
| (സി) | നിയമ തടസ്സങ്ങൾ ഇല്ലെങ്കിൽ ഇപ്രകാരം ഉപയോഗശൂന്യമായി കിടക്കുന്ന പട്ടയ സ്ഥലങ്ങൾ കണ്ടെത്തി അർഹരായ മറ്റു ഗുണഭോക്താക്കൾക്ക് പതിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കാമോ; | (സി) | ഇപ്രകാരം പട്ടയം നൽകിയവർ കൈവശം ഏറ്റെടുക്കാതെ കിടക്കുന്ന പട്ടയ സ്ഥലങ്ങൾ കണ്ടെത്തി പട്ടയം റദ്ദ് ചെയ്യുന്നതിനുള്ള നടപടി പൂർത്തികരിച്ചതിനു ശേഷം മാത്രം അർഹരായ മറ്റു ഗുണഭോക്താക്കൾക്ക് പതിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ് . |
| (ഡി) | ഇതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും ഇതിനായി എത്ര കാലതാമസം ഉണ്ടാകുമെന്നുമുള്ള വിവരങ്ങൾ നൽകാമോ? | (ഡി) | പട്ടയം റദ്ദാക്കുന്നതിനു മുന്നോടിയായി പട്ടയം നൽകിയ വ്യക്തിയെ നേരിൽ കേൾക്കേണ്ടതുണ്ട്. അതിനുള്ള നോട്ടീസുകൾ നടത്തി, നടപടിക്രമങ്ങൾ പൂർത്തിയാക്കി നിയമാനുസൃത മാനദണ്ഡങ്ങൾസ്വീകരിക്കുവാൻ കഴിയുന്നതാണ്. ടി നടപടിക്രമം പൂർത്തികരിക്കുന്നതിന് ക്ലിപ്തമായ സമയപരിധി ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ